# 108 മലയാളകവികൾ

തയാറാക്കിയത്
തുളസി കോട്ടുക്കൽ

എച്ച് & സി ബുക്സ്

Malayalam language
**108 MALAYALAKAVIKAL**
Educational

**Thulasi Kottukkal**

Rights Reserved

First Published: December 2019

Cover: Vishnu S.S., Art N Colour
Typesetting: Sentinel Graphics

Printed in India
at Ebenezer Printpack, Thrissur

Publishers
**H&C PUBLISHING HOUSE**
Thrissur - 680 001
website : www.handcbooks.com
E-mail : handcbooks@gmail.com

Distributors
**H&C STORES**
Thiruvananthapuram, Kollam, Pathanamthitta, Thiruvalla,
Kottayam, Pala, Thodupuzha, Ernakulam, Thrippunithura,
Thrissur, Kunnamkulam, Palakkad, Kozhikode,
Kannur, Kanhangad, Bengaluru

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher

ISBN 978-81-943727-9-0
**₹ 200.00**
19058-1000-01-1219

## അവതാരിക

# കവികളെ അറിയാം, കാവ്യലോകത്തെയും

### സി.വി. തമ്പി

കവികൾ കാലത്തിനു മുമ്പേ നടന്നവരും കാലത്തിന്റെ നിയാമകതകളെ മറികടന്നവരുമാണ്. കർമമാർഗവും കർമബന്ധവും തിരിച്ചറിയുന്ന ഈ മനീഷികൾ, സമകാലികതയെ സസൂക്ഷ്മം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. അതോടൊപ്പം സമൂഹത്തിന്റെ കപടനാട്യങ്ങളെയും സമൂഹത്തിലെ എടുക്കാത്ത ഏടുകളെയും വേർതിരിച്ചുകാണിക്കുകയും ചെയ്യുന്നു. ഈ എഴുത്തുകാരെ, തനതുശൈലിയിൽ കാലികസമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കുകയാണ്, തുളസി കോട്ടുക്കൽ ഈ ഗ്രന്ഥത്തിലൂടെ.

നമുക്കു മറുവിലയായി ഒന്നും നല്കാനില്ലാത്ത എഴുത്തച്ഛന്റെ സംഭാവനകൾ ആർക്കും തുടച്ചുകളയാനാകില്ല. എഴുത്തച്ഛനുപോലും മാർഗദർശികളായ നിരണം കവികളെയും ഗ്രന്ഥകാരൻ യഥാവിധം നമുക്കു പരിചയപ്പെടുത്തുന്നു. കുഞ്ചൻനമ്പ്യാരുടെ അതിസാഹസവും രൂക്ഷപരിഹാസവും, ചെറുശ്ശേരിയും അർണോസ് പാതിരിയും നൽകിയ സാഹിതീസംഭാവനകളിൽനിന്നും വ്യത്യസ്തങ്ങൾതന്നെ.

കവികൾ മഹാനുഭാവന്മാരാണെന്നു സമ്മതിക്കാത്ത അരസികർപോലും തുള്ളൽക്കവിതയിലൂടെ കുഞ്ചൻനമ്പ്യാർ തുറന്നുകാട്ടിയത് സമൂഹത്തിന്റെ പരിച്ഛേദമാണെന്ന് അംഗീകരിക്കും. സമൂഹത്തിന്റെ 'നഗ്നചിത്രം' വരയ്ക്കുന്നതിൽ വിദഗ്ധനായിരുന്നു കുഞ്ചൻനമ്പ്യാർ. കാലഭേദങ്ങൾക്ക് നിറംകെടുത്താൻ കഴിയാത്ത ഹാസ്യശക്തി. മഹാകവി അക്കിത്തത്തിന്റെ, ദൃഢമായ ചട്ടക്കൂട്ടിൽനിന്നുകൊണ്ടുള്ള കാവ്യരചന വിഭിന്നവും വികസനോന്മുഖവുമാണല്ലോ.

ഒരുപക്ഷേ, കുഞ്ചനും ചെറുശ്ശേരിക്കും ശേഷം ചങ്ങമ്പുഴയെപ്പോലൊരു ജനകീയകവിയെ കൈരളി കണ്ടിട്ടുണ്ടാവില്ല. അദ്ദേഹത്തിന്റെ ഒരു വരിയെങ്കിലും മൂളാത്ത ഒരു മലയാളിയും ഉണ്ടാവില്ല.

ഈ കവികളെ എന്തിനു പുതുതലമുറയ്ക്കു പരിചയപ്പെടുത്തുന്നു? എന്തിനവർ പരിചയപ്പെടണം? ഒരു ജനതയുടെ സംസ്കാരമെന്നത് ആ ജനതയുടെ തനതായ ഭാഷയും കലാരൂപങ്ങളും നൃത്ത-ഗാനാദികളും പ്രയോഗ-ഉപയോഗ ശീലങ്ങളും ഒക്കെ കൂടിച്ചേർന്നതാണല്ലോ. ഈ സംസ്കാരമഹിമയുടെയോ ഗരിമയുടെയോ ഭാഗമാകാൻ വായനക്കാരൻ കാംക്ഷിക്കുന്നു. ആ പ്രേരണയെ ജ്വലിപ്പിക്കുകയോ ത്വരിതപ്പെടുത്തുകയോ ചെയ്യുന്നു ഓരോ കുറിപ്പുകളും. ഇതാണ് രചനാലക്ഷ്യവും.

തലമുറകൾ പിന്നിടുമ്പോൾ, കാലം മുന്നോട്ടൊഴുകുമ്പോൾ, നാം തിരിച്ചറിയണം, തൂലികയുടെ ശക്തി അപ്രതിരോധ്യമാണെന്ന്. ആർക്കും തോല്പിക്കാൻ കഴിയാത്ത പടവാളേന്തിയവരാണ് ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ ആധുനിക കവിത്രയം. അവരുടെ കാവ്യാനുഭൂതിയുടെ ആഴവും തുടിപ്പും ശക്തിസൗന്ദര്യാദികളും പഠിതാക്കൾ അറിയണം. ഈ സദുദ്ദേശ്യം ഗ്രന്ഥകാരൻ തുളസി കോട്ടുക്കലിനുണ്ട്. സമൂഹത്തിന്റെ ഗതിവിഗതികളെ തൂലികയിലാവാഹിച്ച നിരണം കവികൾ, എൻ.വി. കൃഷ്ണവാരിയർ, ചെമ്മനം ചാക്കോ, അയ്യപ്പപ്പണിക്കർ, നാലാങ്കൽ കൃഷ്ണപിള്ള, ജി. കുമാരപിള്ള എന്നിവരുടെ രചനകളും സുഭഗകാവ്യബിംബങ്ങളും തത്ത്വജ്ഞാനസരണികളും, കുളിർകാറ്റുപോലെ തഴുകിയൊഴുകുന്ന ഒ.എൻ.വി. കവിതകളും, ജി. ശങ്കരക്കുറുപ്പ്, ബാലാമണിയമ്മ, മേരി ജോൺ തോട്ടം, സുഗതകുമാരി എന്നിവരുടെ കവിതകളും ഒരു തലമുറയും വിസ്മരിക്കരുത്. കാവ്യസങ്കേതങ്ങളും കാവ്യബിംബങ്ങളും രചനാരീതികളും മാറാം. പക്ഷേ, കാവ്യലക്ഷ്യം – സമൂഹോദ്ധാരണം, സംസ്കാരവത്കരണം – മാറുന്നില്ല.

കാവ്യകലയിലെ 'ഇസ'ങ്ങൾ കാലവുമായി ബന്ധപ്പെട്ടവയല്ല. ഇരുപതാം നൂറ്റാണ്ടിൽ ടി.എസ്. എലിയറ്റ് ഇങ്ങനെ പ്രഖ്യാപിക്കുകയുണ്ടായല്ലോ: "ഞാൻ രാഷ്ട്രീയത്തിൽ സോഷ്യലിസ്റ്റും മതത്തിൽ പ്രൊട്ടസ്റ്റന്റുകാരനും സാഹിത്യത്തിൽ ക്ലാസ്സിസിസ്റ്റുമാണ്." ("I am a socialist in politics, a protestant in religion and a classicist in literature.") ഇതിനർഥം, പഴയത് ക്ലാസ്സിസിസവും പിന്നീടു വന്നവ നവക്ലാസ്സിസിസവും തുടർന്ന് റൊമാന്റിസിസം, റിയലിസം എന്നിങ്ങനെ കാലഘട്ടങ്ങളോടു ചേർന്നാണ് സാഹിത്യത്തിൽ 'ഇസ'ങ്ങൾ രൂപപ്പെടുന്നതും വികസിക്കുന്നതും എന്ന ധാരണ ശരിയല്ലെന്നാണ്. ആധുനിക ഉത്തരാധുനിക കാലഘട്ടത്തിലും ചട്ടവട്ടങ്ങളൊപ്പിച്ചും നിയതമായ രീതിയിലും രചന നിർവഹിക്കുന്നവരുണ്ട്. പ്രത്യേക മാർഗരേഖയില്ലാതെ കാവ്യരചനയിൽ വ്യാപരിക്കുന്നവരുമുണ്ട്. വി. മധുസൂദനൻ നായർ, കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, കുരീപ്പുഴ ശ്രീകുമാർ തുടങ്ങിയവർ വൃത്തനിബന്ധനകൾ പാലിക്കാതെ കവിതയെഴുതി ആസ്വാദകരുടെ ശ്രദ്ധനേടിയവരാണ്. ഇവരുടെ ആലാപനരീതി ആയിരത്തി തൊള്ളായിരത്തി എഴുപതുകളിലും എൺപതുകളിലും യുവസദസ്സുകളെ ഹരംകൊള്ളിച്ചിട്ടുണ്ട്.

പുസ്തകവായന മനസ്സിനെ വിമലീകരിക്കുന്നു; സാധാരണമനുഷ്യന് ഉത്കൃഷ്ടതയും ഉന്നമനവും നേടിക്കൊടുക്കുന്നു. ഒരു വായനാമനുഷ്യൻ ആത്മാവിൽ ഉണർന്നവനായിരിക്കും; സംസ്കാരവും മനുഷ്യത്വവും നശിക്കാത്തവനായിരിക്കും. '108 മലയാളകവികൾ' എന്ന ഈ ഗ്രന്ഥം കാവ്യലോകവാതായനം മലർക്കെ തുറന്നുകാണിക്കുന്നു. വായിക്കണം, പ്രയോജനപ്പെടുത്തണം, സൂക്ഷിച്ചുവയ്ക്കണം ഈ ഗ്രന്ഥം. ഭാവുകങ്ങൾ നേരുന്നു, നന്മകൾ ആശംസിക്കുന്നു, ഗ്രന്ഥകാരനും വായനക്കാർക്കും.

# ഉള്ളടക്കം

1. അക്കിത്തം അച്യുതൻ നമ്പൂതിരി ........ 9
2. അതുലൻ ........ 12
3. ഒ.എം. അനുജൻ ........ 13
4. എം.പി. അപ്പൻ ........ 13
5. എ. അയ്യപ്പൻ ........ 15
6. കെ. അയ്യപ്പപ്പണിക്കർ ........ 18
7. അഴകത്ത് പത്മനാഭക്കുറുപ്പ് ........ 22
8. അർണോസ് പാതിരി ........ 23
9. ആറ്റൂർ കൃഷ്ണപ്പിഷാരോടി ........ 27
10. ആറ്റൂർ രവിവർമ ........ 28
11. ഇടപ്പള്ളി രാഘവൻപിള്ള ........ 33
12. ഇടശ്ശേരി ഗോവിന്ദൻനായർ ........ 36
13. ഇട്ടിത്തൊമ്മൻ കത്തനാർ ........ 39
14. ഇരയിമ്മൻ തമ്പി ........ 39
15. ഉണ്ണായി വാര്യർ ........ 40
16. ടി. ഉബൈദ് ........ 43
17. ഉള്ളൂർ എസ്. പരമേശ്വരയ്യർ ........ 45
18. എഴുത്തച്ഛൻ ........ 53
19. കെ. എസ്. എഴുത്തച്ഛൻ ........ 58
20. ഏഴാച്ചേരി രാമചന്ദ്രൻ ........ 58
21. ഏറ്റുമാനൂർ സോമദാസൻ ........ 60
22. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ ........ 61
23. ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് ........ 63
24. ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി ........ 65
25. ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് ........ 67
26. കണ്ണശ്ശന്മാർ (നിരണം കവികൾ) ........ 68
27. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള ........ 71
28. കടത്തനാട്ട് മാധവി അമ്മ ........ 75
29. കടമ്മനിട്ട രാമകൃഷ്ണൻ ........ 76
30. എൻ.എൻ. കക്കാട് ........ 79
31. കമലാസുരയ്യ ........ 83
32. കവിതിലകൻ കെ.പി. കറുപ്പൻ ........ 86
33. കാത്തുള്ളിൽ അച്യുതമേനോൻ ........ 89
34. കാർത്തിക തിരുനാൾ രാമവർമ ........ 90

35. കാവാലം നാരായണപ്പണിക്കർ ........ 91
36. കുഞ്ചൻ നമ്പ്യാർ ........ 93
37. പി. കുഞ്ഞിരാമൻനായർ ........ 102
38. കുഞ്ഞുണ്ണി ........ 108
39. കുട്ടമത്ത് കുന്നിയൂര് കുഞ്ഞിക്കൃഷ്ണക്കുറുപ്പ് ........ 111
40. കുണ്ടൂർ നാരായണമേനോൻ ........ 113
41. കുമാരനാശാൻ ........ 115
42. ജി. കുമാരപിള്ള ........ 128
43. ഒ.എൻ.വി. കുറുപ്പ് ........ 130
44. കുറ്റിപ്പുറത്ത് കേശവൻനായർ ........ 136
45. എൻ.വി. കൃഷ്ണവാര്യർ ........ 138
46. കേരളവർമ വലിയകോയിത്തമ്പുരാൻ ........ 143
47. കെ.സി. കേശവപിള്ള ........ 149
48. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ........ 152
49. വി.എ. കേശവൻ നമ്പൂതിരി ........ 157
50. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ ........ 158
51. കൊട്ടാരത്തിൽ ശങ്കുണ്ണി ........ 160
52. എൻ. ഗോപാലപിള്ള ........ 162
53. പി.കെ. ഗോപി ........ 164
54. എം. ഗോവിന്ദൻ ........ 166
55. ചങ്ങമ്പുഴ കൃഷ്ണപിള്ള ........ 169
56. ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ ........ 175
57. ചെമ്മനം ചാക്കോ ........ 176
58. ചെറുശ്ശേരി ........ 180
59. ചെറിയാൻ കുനിയന്തോടത്ത് ........ 185
60. ചെറിയാൻ കെ. ചെറിയാൻ ........ 186
61. ചീരാമകവി ........ 187
62. തിരുനല്ലൂർ കരുണാകരൻ ........ 189
63. തോട്ടയ്ക്കാട്ട് ഇക്കാവമ്മ ........ 192
64. തോലൻ ........ 193
65. പി.സി. ദേവസ്യ ........ 195
66. നടുവത്ത് അച്ഛൻ നമ്പൂതിരി ........ 196
67. നടുവത്ത് മഹൻ നമ്പൂതിരി ........ 197
68. നാലാങ്കൽ കൃഷ്ണപിള്ള ........ 198
69. മേല്പുത്തൂർ നാരായണഭട്ടതിരി ........ 199
70. നാലപ്പാട്ട് നാരായണമേനോൻ ........ 201
71. നീലമ്പേരൂർ മധുസൂദനൻ നായർ ........ 203

72. പന്തളം കേരളവർമ .......... 204
73. പന്തളം കെ.പി. .......... 206
74. പവിത്രൻ തീക്കുനി .......... 208
75. പഴവിള രമേശൻ .......... 210
76. പാലാ നാരായണൻ നായർ .......... 211
77. എം.എൻ. പാലൂര് .......... 213
78. പുതുശ്ശേരി രാമചന്ദ്രൻ .......... 215
79. പുത്തൻകാവ് മാത്തൻതരകൻ .......... 217
80. പുനം നമ്പൂതിരി .......... 218
81. പുനലൂർ ബാലൻ .......... 220
82. പൂന്താനം നമ്പൂതിരി .......... 222
83. പൂന്തോട്ടത്ത് അച്ഛൻ നമ്പൂതിരി .......... 228
84. പ്രഭാവർമ്മ .......... 229
85. വി.സി. ബാലകൃഷ്ണപ്പണിക്കർ .......... 231
86. ബാലചന്ദ്രൻ ചുള്ളിക്കാട് .......... 234
87. ബാലാമണിയമ്മ .......... 239
88. മഴമംഗലം നമ്പൂതിരി .......... 244
89. വി. മധുസൂദനൻനായർ .......... 246
90. മാധവൻ അയ്യപ്പത്ത് .......... 248
91. മേരി ജോൺ തോട്ടം (സിസ്റ്റർ മേരി ബനീഞ്ഞ) .......... 249
92. മുല്ലനേഴി .......... 252
93. യൂസഫലി കേച്ചേരി .......... 254
94. രാമപുരത്ത് വാര്യർ .......... 258
95. ആർ. രാമചന്ദ്രൻ .......... 260
96. വയലാർ രാമവർമ .......... 263
97. വള്ളത്തോൾ .......... 267
98. വെണ്ണിക്കുളം ഗോപാലക്കുറുപ്പ് .......... 279
99. വിഷ്ണുനാരായണൻ നമ്പൂതിരി .......... 283
100. ഡി. വിനയചന്ദ്രൻ .......... 285
101. വിജയലക്ഷ്മി .......... 287
102. വൈലോപ്പിള്ളി ശ്രീധരമേനോൻ .......... 290
103. ജി. ശങ്കരക്കുറുപ്പ് .......... 295
104. കെ.ജി. ശങ്കരപ്പിള്ള .......... 303
105. കുരീപ്പുഴ ശ്രീകുമാർ .......... 306
106. സച്ചിദാനന്ദൻ .......... 309
107. സുഗതകുമാരി .......... 310
108. റഫീക്ക് അഹമ്മദ് .......... 316

# തുളസി കോട്ടുക്കൽ

കൊല്ലം ജില്ലയിൽ അഞ്ചലിനടുത്ത് കോട്ടുക്കൽ എന്ന സ്ഥലത്ത് ജനിച്ചു. പിതാവ് എൻ. ഗോപാലപിള്ള. മാതാവ് ഗൗരിയമ്മ. അഞ്ചലിലും തൃശൂരിലുമായി വിദ്യാഭ്യാസം. 2006-ൽ ഹൈസ്കൂൾ അധ്യാപകനായി വിരമിച്ചു. 1996 മുതൽ സർക്കാരിന്റെ പാഠപുസ്തകരചനയിൽ പങ്കെടുത്ത് പ്രവർത്തിച്ചു. ഇപ്പോൾ പി.സി.എം. പുറത്തിറക്കുന്ന എട്ടാംക്ലാസുവരെയുള്ള ഭാഷാപാഠാവലിയുടെ എഡിറ്ററായി പ്രവർത്തിക്കുന്നു.

'എഴുത്തച്ഛന്റെ ദർശനം', 'കാവ്യശൈലി', 'എഴുത്തച്ഛൻ കൃതികൾ' എന്നീ പ്രബന്ധങ്ങൾക്ക് കേരള സാഹിത്യ അക്കാദമിയുടെ തുഞ്ചൻ അവാർഡ് രണ്ടുപ്രാവശ്യം ലഭിച്ചു. 'നമ്പ്യാർ കണ്ട കേരളം' എന്ന പ്രബന്ധത്തിന് കുഞ്ചൻ നമ്പ്യാർ സ്മാരക അവാർഡ് ലഭിച്ചു. 'അഴീക്കോടും മലയാളസാഹിത്യവും' എന്ന പ്രബന്ധത്തിന് അഴീക്കോട് സപ്തതി അവാർഡ് ലഭിച്ചു. 'മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസചിന്തകൾ' എന്ന പ്രബന്ധത്തിന് മുണ്ടശ്ശേരി അവാർഡ് ലഭിച്ചു. ശ്രീനാരായണഗുരുവിന്റെ ദർശനം, ക്ഷേത്രസങ്കല്പങ്ങൾ, സാമൂഹ്യപരിവർത്തനം എന്നീ പ്രബന്ധങ്ങൾക്ക് മൂന്നുപ്രാവശ്യം അവാർഡ് ലഭിച്ചിട്ടുണ്ട്. 'നാരായണീയത്തിലെ ആധ്യാത്മികത' തുടങ്ങി ദാർശനികവും സാഹിത്യപരവുമായ ഇരുന്നൂറ്റി ഇരുപതോളം പ്രബന്ധങ്ങൾ രചിച്ചു. സങ്കേത് സാഹിത്യ അവാർഡ്, അധ്യാപക കലാവേദി അവാർഡ്, ഗ്രേറ്റ് മാർച്ച് അവാർഡ്, സ്മൃതി അവാർഡ്, ജന്മാഷ്ടമി പുരസ്കാരം തുടങ്ങിയവ ലഭിച്ചു.

**കൃതികൾ:**

സ്വർണക്കീരി, യാഗപശു, മഹാഭാരതത്തിലെ നുറുങ്ങുകഥകൾ, തേൻതുള്ളികൾ, കഥയുള്ള കഥകൾ, ഒരു കുടന്ന കഥകൾ, ഭഗീരഥൻ, അരുന്ധതി, സൗപർണിക (ബാലസാഹിത്യം), ഹരിശ്രീ മഹാഭാരതം, വേദകഥകൾ, കൃഷ്ണായനം, ബൈബിൾ കഥാസാഗരം, അവതാരകഥാപഞ്ചകം (4 vol), മലയാളരാമായണം (6 vol), ശ്രീശിവം (10 vol), ഋഗ്വേദം ഗദ്യം (6 vol), ശ്രീഅയ്യപ്പൻ, ഹരിനാമകീർത്തനം-ഒരു പഠനം, ബുദ്ധിചാതുര്യകഥാമൃതം, തേജസ്വിയായ വാഗ്മി, ഡോ. അംബേദ്കർ, ശ്രീ ശങ്കരാചാര്യർ, അയ്യൻകാളി, ഗൗതമബുദ്ധനിലൂടെ, ഓമനത്വമുള്ള ക്രൂരതകൾ, മലയാളം A+, ഭാഷാപഠനപ്രവർത്തനങ്ങൾ, രചനയും മാതൃകയും, പന്തിരുകുലകഥകൾ, മധുമൊഴിക്കഥകൾ, തേൻമൊഴിക്കഥകൾ, 81 നവീന ഉപന്യാസങ്ങൾ, 102 പ്രസംഗങ്ങൾ, 111 ഉപന്യാസങ്ങൾ.


ഭാര്യ : ചന്ദ്രമതി ആയൂർ
മക്കൾ : ആദർശ്, ഐശ്വര്യ
മരുമക്കൾ : രാഹിചന്ദ്രൻ, പ്രമോദ്
കൊച്ചുമകൻ : ദേവദർശ്

ഫോൺ: 9946389392

# 1. അക്കിത്തം അച്യുതൻ നമ്പൂതിരി

“ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
നിത്യനിർമല പൗർണമി.
അറിഞ്ഞീലിത്രനാളും ഞാ-
നിദ്ദിവ്യപുളകോൽഗമം;
ആ മഹാനഷ്ടമോർത്തോർത്തു-
കുലുങ്ങിക്കരയുന്നു ഞാൻ.
തിരിഞ്ഞുനോക്കിപ്പോവുന്നു
ചവിട്ടിപ്പോന്ന ഭൂമിയെ
എനിക്കുമുണ്ടായിരുന്നു
സുഖംമുറ്റിയ നാളുകൾ.”

മനോഹരമായ ഒരു പൂവ് വിരിഞ്ഞുനിൽക്കുന്നത് മുള്ളുകൾ മുറ്റിയ കമ്പിലാണെന്നും, സുന്ദരമായ വെള്ളച്ചാട്ടത്തിനു താഴെ ജീവികളെ മരണത്തിലേക്കു നയിക്കുന്ന കയങ്ങളുണ്ടെന്നും, സൗന്ദര്യവും വിരൂപതയും ഒന്നിച്ചാണ് ജീവിതം വച്ചുനീട്ടുന്നതെന്നും തെല്ലുറക്കെപ്പറഞ്ഞ മലയാളത്തിന്റെ പ്രിയകവിയാണ് അക്കിത്തം അച്യുതൻ നമ്പൂതിരി. ‘അക്കിത്തം’ എന്ന ചുരുക്കപ്പേരിൽ അദ്ദേഹം അറിയപ്പെടുന്നു. 1952-ൽ പ്രസിദ്ധീകരിച്ച ‘ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ’ത്തിലാണ് കവി ചില സത്യങ്ങൾ തുറന്നു പറഞ്ഞത്. പ്രകൃതി സുന്ദരിയാണ്. വെട്ടുക്കിളിയും ഇവിടെത്തന്നെ. പുഴ കണ്ണിനമൃതാണ്. കയങ്ങളും ആ പുഴയിൽ തന്നെയാണ്. എവിടെയും ഈ ദ്വന്ദ്വങ്ങൾ മാത്രം. ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസമാണിത്.

പാലക്കാട് കുമരനല്ലൂർ അമേറ്റൂർ അക്കിത്തത്ത് മനയിൽ 1926 മാർച്ച് 18-ന് ജനിച്ചു. അച്ഛൻ വാസുദേവൻ നമ്പൂതിരി. അമ്മ ചേകൂർ മനയ്ക്കൽ പാർവതി അന്തർജനം. ഉപനയനത്തിനുശേഷം വേദകാര്യങ്ങളും സംസ്കൃതവും പഠിച്ചു. അക്കാലത്ത് ഒരു ദിവസം അച്യുതൻ നമ്പൂതിരി അമ്പലത്തിലെത്തി. ബാലനാണ്. വയസ്സ് ഏഴ്. അമ്പലത്തിലെ പുറത്തെ ഭിത്തി

യിൽ കുറേ വികൃതിവരപ്പുകൾ ബാലന്മാർ നടത്തി. ഭിത്തി വികൃതമായി. അച്യുതന് വലിയ മനഃപ്രയാസമായി. അവരുണ്ടോ മായ്ക്കുന്നു. കുട്ടി കരിക്കട്ടകൊണ്ട് ഇങ്ങനെ ഭിത്തിയിലെഴുതിയത്രേ:

“അമ്പലങ്ങളിവണ്ണം
തുമ്പില്ലാതെ വരയ്കിൽ
വമ്പനാമീശ്വരൻ വന്നി-
ട്ടെമ്പാടും നാശമാക്കിടും.” ആ വരികളിൽ കുട്ടിയുടെ അരിശവും സങ്കടവും തിളങ്ങുന്നു. അന്ന് അങ്ങനെ അമ്പലഭിത്തിയിൽ എഴുതിയ ബാലനാണ് പിന്നീട് പ്രശസ്തനായ അക്കിത്തം അച്യുതൻ നമ്പൂതിരി.

ഉപനയനത്തിനുശേഷം വേദവും സംസ്കൃതവും പഠിച്ചെന്ന് നേരത്തെ പറഞ്ഞല്ലോ. അതിനുശേഷം കോഴിക്കോട് സാമൂതിരികലാലയത്തിൽ ഇന്റർമീഡിയറ്റിനു ചേർന്നു. പഠനം പൂർത്തിയാക്കാൻ സാധിച്ചില്ല. യോഗക്ഷേമസഭയുടെ പ്രവർത്തകനായി മാറിയ അക്കിത്തം ‘ഉണ്ണിനമ്പൂതിരി’ മാസികയുടെ പ്രിന്ററും പബ്ലിഷറുമായി. കുറച്ചുകാലം ‘യോഗക്ഷേമം’ പത്രത്തിന്റെ സഹപത്രാധിപരുമായി. തുടർന്ന് കുറേക്കാലം സംഗീതവും ജ്യോതിഷവും പഠിച്ചു. എന്നിട്ട് ആകാശവാണി കോഴിക്കോട്, തൃശൂർ നിലയങ്ങളിൽ സ്ക്രിപ്റ്റ് എഴുത്തുകാരനായി ജോലിചെയ്തു. പിന്നെ ‘ഫാം ആന്റ് ഹോം’ എഡിറ്ററായും ജോലിനോക്കി. അക്കാലത്ത് മലയാളത്തിലെ ശ്രേഷ്ഠകവികളുമായും നിരൂപകരുമായും അക്കിത്തത്തിനു ബന്ധം പുലർത്താൻ കഴിഞ്ഞു. ജി. ശങ്കരക്കുറുപ്പ്, ഇടശ്ശേരി, വി.ടി. ഭട്ടതിരിപ്പാട്, കുട്ടികൃഷ്ണമാരാര് തുടങ്ങിയവരുമായുള്ള ബന്ധം അക്കിത്തത്തിന്റെ കാവ്യഭാവനയ്ക്ക് ദാർഢ്യം കൊടുത്തു.

ആധുനികമനുഷ്യന്റെ നഗരജീവിതത്തെയും അന്തസ്സാരശൂന്യമായ ജീവിതരീതിയെയും മൂല്യധ്വംസനങ്ങളെയും ഒരു കാഴ്ചക്കാരനെപ്പോലെ അക്കിത്തത്തിലെ കവി കാണുന്നു. കാലഘട്ടത്തിന്റെ അനിവാര്യമായ ട്രാജഡി എന്താണെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ഭാരതീയസംസ്കാരത്തിന്റെ ശ്രേഷ്ഠതയ്ക്കുമാത്രമേ ഇതിനു പരിഹാരം കാണാൻ ആവുകയുള്ളുവെന്നും കവി ചിന്തിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ, പൂവിനെ കാണുന്ന അക്കിത്തം മുള്ളുകളെ കാണാൻ മടിക്കുന്നില്ല. വനരോദനം പോലെ അലറിക്കൂവുന്നുമില്ല. അദ്ദേഹത്തിന്റെ ആത്മാംശമുള്ള ശ്രദ്ധേയ രചനകൾ ഇവയാണ്–‘ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം’, ‘ബലിദർശനം’, ‘ഇടിഞ്ഞുപൊളിഞ്ഞ ലോകം’. ബാല്യത്തിന്റെ നൈർമല്യം, പ്രായം എത്തുന്തോറും നഷ്ടമാവുന്ന ബാല്യത്തിന്റെ വിശുദ്ധി, മനുഷ്യനിലേക്കു കടന്നുകയറുന്ന നഗരത്തിന്റെ തൃഷ്ണ, മൂല്യത്തിനു വന്നുചേർന്ന നാശം, ഇവയെല്ലാം കവിയെ ഗൃഹാതുരനാക്കുന്നു. സാമൂഹ്യതിന്മകൾ പരിഹരിക്കാൻ വിപ്ലവം അനിവാര്യം തന്നെ. വിപ്ലവത്തിന്റെ കടിഞ്ഞാൺ പിടിക്കുമ്പോൾ കയറിക്കൂടുന്ന സ്വാർഥത മോഹഭംഗങ്ങളിലേക്കല്ല, മോഹങ്ങളിലേക്കു നയിക്കുന്നു.